Print less...Savepaper...Savetrees..

44. മൂന്നു ബീൻ വിത്ത് പരീക്ഷണം, വിത്തുമുളയ്ക്കുവാൻ __________ അത്യന്താപേക്ഷിതമെന്ന് തെളിയിക്കുന്നു.

(A) ജലവും സൂര്യപ്രകാശവും ഹരിതകവും
(B) ഊഷ്മാവും ജലവും
(C) ഓക്സിജനും ഹരിതകവും
(D) ജലവും, ഓക്സിജനും ഊഷ്മാവും

45. ഒരു ദ്വിബീജ പത്രസസ്യത്തിന്റെ കാണ്ഡത്തിൽ കാണപ്പെടുന്ന കോശങ്ങൾ താഴെ കൊടുത്തിരിക്കുന്നു. ഏതാണ് ശരിയായ ക്രമീകരണ വിന്യാസം :

(A) ഫ്ലോയം, ക്യാംബിയം, മെറ്റാസൈലം, പ്രോട്ടോസൈലം, പിത്ത്
(B) ഫ്ലോയം, ക്യാംബിയം, പ്രോട്ടോസൈലം, മെറ്റാസൈലം
(C) ഫ്ലോയം, പ്രോട്ടോസൈലം, ക്യാംബിയം, മെറ്റാസൈലം
(D) ഫ്ലോയം, പ്രോട്ടോസൈലം, ക്യാംബിയം, മെറ്റാസൈലം, പിത്ത്

46. തഴുതാമയുടെ ശാസ്ത്രനാമമാണ് :

(A) സൊലാനം റ്റ്യൂബറോസ
(B) ബോർഹാവിയ ഡിഫ്യൂസ
(C) അരാക്കിസ് ഹൈപ്പോജിയ
(D) റ്റീനിയസോളിയം

47. പ്രായമായവരിൽ സക്രിയമായി കാണപ്പെടുന്ന രാസാഗ്നിയാണ് :

(A) ആൾഡൊലേസ്
(B) ടയലിൻ
(C) മാലേറ്റ് ഡിഹൈഡ്രോജിനേസ്
(D) ലാക്റ്റേറ്റ് ഡിഹൈഡ്രോജിനേസ്

48. മരിച്ചു കഴിഞ്ഞ ഒരാളിന്റെ കണ്ണിലെ കൃഷ്ണമണി എപ്രകാരമായിരിക്കും?

(A) ചുരുങ്ങിയിരിക്കും
(B) വികസിച്ചിരിക്കും
(C) പ്രകാശത്തോടു പ്രതികരിക്കാതിരിക്കും
(D) വികസിച്ചും പ്രകാശത്തോടു പ്രതികരിക്കാതെയും ഇരിക്കും

49. മനുഷ്യശരീരത്തിൽ തെന്നി മാറുന്ന സന്ധി കാണപ്പെടുന്ന ഭാഗമാണ് :

(A) കൈമുട്ട്
(B) മണിബന്ധം
(C) കഴുത്ത്
(D) അരക്കെട്ട്

50. മലേറിയ രോഗാണുവിന് ആതിഥ്യം വഹിക്കുന്ന രണ്ടാമത്തെ ജീവിയാണ് :

(A) അനോഫിലിസ് പെൺകൊതുക്
(B) ക്യൂലക്സ് പെൺകൊതുക്
(C) അനോഫിലിസ് ആൺകൊതുക്
(D) ഈഡിസ് പെൺകൊതുക്

51. 'ക്ലൈൻഫിൽട്ടേഴ്സ്' അവസ്ഥയുള്ള ആണിന്റെ ക്രോമോസോമുകളുടെ രീതി ഇപ്രകാരമായിരിക്കും :

(A) 44 X0
(B) 44 XXX
(C) 44 XXY
(D) 44 YY



Pleasevisit... www.easybiologyclass.com